


# നമുക്കും പ്രകാശത്തിന്റെ ഫലങ്ങൾ പുറപ്പെടുവിക്കാം

യോഹ. 9:1 – 12 Vol. 12, Issue: 5

ബ്ര. ബിനു കുളങ്ങര

**മി**ശിഹായിൽ ഏറ്റവും സ്നേഹിക്കപ്പെടുന്നവരേ,

അന്ധതയിൽ മുഴുകി ജീവിക്കുന്ന ദൈവജനത്തോട് പ്രകാശത്തിന്റെ പാതയിലൂടെ സഞ്ചരിച്ചുകൊണ്ട് പ്രകാശത്തിന്റെ ഫലങ്ങൾ പുറപ്പെടുവിക്കുന്നവരാകാനാണ് ഇന്നത്തെ സുവിശേഷത്തിലൂടെ യോഹന്നാൻ ശ്ലീഹ നമ്മെ ഓർമ്മപ്പെടുത്തുക. ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യർ ദൈവത്തെ മറന്നു ജീവിക്കുന്നതാണ് ഏറ്റവും വലിയ അന്ധത. നമ്മുടെ ഉള്ളിലെ അന്ധത തുടച്ചുമാറ്റി നാം ഓരോരുത്തരും പ്രകാശത്തിന്റെ ഫലങ്ങൾ പുറപ്പെടുവിക്കുന്നവരാകുവാൻ വേണ്ടിയാണ് ക്രിസ്തു നമ്മുടെ ഇടയിലേക്ക് കടന്നുവന്നത്.

വി. ലൂക്കായുടെ സുവിശേഷം 4-ാം അദ്ധ്യായം 19-ാം തിരുവചനത്തിൽ, അന്ധർക്ക് കാഴ്ചയും കർത്താവിന് സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കാൻ വന്ന യേശുവിന്റെ ലക്ഷ്യം തന്നെ തന്റെ ദൈവജനത്തെ പ്രകാശത്തിന്റെ മാർഗ്ഗത്തിലൂടെ നയിക്കുക എന്നതാണ്. യോഹന്നാന്റെ സുവിശേഷം 9-ാം അദ്ധ്യായം 3-ാം തിരുവചനം പറഞ്ഞുവയ്ക്കുന്നതും ഇതാണ്. ദൈവത്തിന്റെ പ്രവർത്തികൾ പൂർത്തിയാക്കുവാൻ വന്നവനാണ് ക്രിസ്തു. ബൈബിളിൽ ദൈവം പറയുന്നതായി ആദ്യം രേഖപ്പെടുത്തിയിരിക്കുന്ന 'വചനം വെളിച്ചം ഉണ്ടാകട്ടെ' (ഉൽ. 1:3) എന്നാണ്.

വെളിച്ചത്തിന് സാക്ഷ്യം നൽകുവാനായി കടന്നുവന്ന യേശുവിന്റെ പ്രവർത്തികളെപ്പറ്റി ഏശയ്യാ വളരെ മനോഹരമായി പ്രതിപാദിക്കുന്നത് ഇതു തന്നെയാണ്. ഏശയ്യാ 35:4-ാം തിരുവചനം. ദൈവത്തിന്റെ പ്രതിഫലവുമായി വന്ന് അവിടുന്ന് നിങ്ങളെ രക്ഷിക്കും. അപ്പോൾ അന്ധരുടെ കണ്ണുകൾ തുറക്കപ്പെടും. അതുകൊണ്ടാണ് ക്രിസ്തുവിന്റെ ജനനം കണ്ട് വന്ന ജ്ഞാനികൾ ഇപ്രകാരം സാക്ഷ്യപ്പെടുത്തുക, ഞങ്ങൾ കിഴക്ക് അവന്റെ നക്ഷത്രം അതായത്, പ്രകാശം കണ്ടു. വീണ്ടും ക്രിസ്തു തന്റെ ദൗത്യം ആരംഭിച്ചപ്പോൾ മത്തായി സുവിശേഷകൻ ഇപ്രകാരം എഴുതി. "അന്ധകാരത്തിൽ കഴിഞ്ഞിരുന്ന ജനം ഒരു പ്രകാശം കണ്ടു" (4:16). ലൂക്കായുടെ സുവിശേഷം 2:32 തിരുവചനത്തിലൂടെ നീതിസൂര്യനായ ക്രിസ്തുവിനെ കയ്യിലെടുത്ത വയോധികനായ ശിമയോൻ പറഞ്ഞു: "വിജാതീയർക്ക് വെളിപാടിന്റെ പ്രകാശമാണിവൻ." വെളിച്ചം ഉണ്ടാകട്ടെ എന്ന ഒറ്റ വാക്കു കൊണ്ട് പ്രപഞ്ചത്തെ പ്രകാശമാക്കിയവനാണ് ദൈവം. ക്രിസ്തു കാണിച്ചുതന്ന പ്രകാ

ശത്തിന്റെ മാർഗ്ഗത്തിലൂടെ നടന്നുനീങ്ങി നാം ഒരോരുത്തരും പ്രകാശത്തിന്റെ ഫലങ്ങൾ പുറപ്പെടുവിക്കുന്നവരാകുവാനാണ് അവിടുന്ന് ആഗ്രഹിക്കുന്നത്.

യോഹന്നാന്റെ സുവിശേഷം 8-ാം അദ്ധ്യായം അവസാനിക്കുന്നത് ഇങ്ങനെയാണ്. തന്നെ കല്ലെറിഞ്ഞു കൊല്ലാൻ ഒരുമ്പെടുന്ന യഹൂദനേതൃത്വത്തിൽ നിന്നും കഷ്ടിച്ച് രക്ഷപെട്ട് ദൈവാലയത്തിന്റെ പുറത്തേക്ക് ഈശോ ഓടിപ്പോയി. ഇതിന്റെ തുടർച്ചയാണ് 9-ാം അദ്ധ്യായം. ഈശോ തന്റെ പ്രാണനു വേണ്ടിയുള്ള ഓട്ടത്തിനിടയിലും അന്ധന്റെ മുമ്പിൽ സ്വന്തം ജീവൻ മറന്ന് അല്ലെങ്കിൽ സ്വന്തം രക്ഷ മറന്നു നിൽക്കുന്നു. കാൽവരിയിലെ കുരിശിൽ ഈശോ അന്ത്യശ്വാസം വലിക്കുമ്പോൾ ഒരു പടയാളി അവിടുത്തെ പാർശ്വത്തിൽ കുന്തം കൊണ്ട് കുത്തുന്നു. ലോങ്കിനൂസ് എന്ന ഈ പടയാളിയുടെ വലതു കണ്ണിന് കാഴ്ചയില്ലായിരുന്നു എന്ന് ചരിത്രം സാക്ഷ്യപ്പെടുത്തുന്നുണ്ട്. കുന്തം കൊണ്ട് കുത്തിയപ്പോൾ അവിടുത്തെ തിരുവിലാവിൽ നിന്നും ഒഴുകിയെത്തിയ രക്തവും വെള്ളവും ലോങ്കിനൂസ് എന്ന പടയാളിയുടെ കണ്ണിലാണ് പതിച്ചത്. ആ നിമിഷം അവന്റെ കാഴ്ച തിരിച്ചുകിട്ടി എന്ന് ചരിത്രം പറഞ്ഞുവയ്ക്കുന്നു. തന്റെ അവസാന നിമിഷം പോലും സ്വന്തം ജീവനും രക്ഷയും മറന്ന് മനുഷ്യവംശത്തെ പ്രകാശത്തിന്റെ മാർഗ്ഗത്തിലേക്ക് നയിക്കുന്നു. അതുകൊണ്ട് ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട നാം ദൈവത്തെ മറന്ന് അന്ധരായി കഴിയുമ്പോൾ തീർച്ചയായും ക്രിസ്തു തന്റെ ജീവനും രക്ഷയും മറന്ന് നമ്മിൽ നിന്ന് ഒരു കല്ലേറു ദൂരം മാറിനിൽപുണ്ടാകും.

വചനത്തിൽ ഈശോ ആദ്യം ചെയ്യുന്ന പ്രവർത്തി ഏറെ ശ്രദ്ധേയമാണ്. ഈശോ നിലത്ത് തുപ്പി. തുപ്പൽ കൊണ്ട് ചെളിയുണ്ടാക്കി അവന്റെ കണ്ണുകളിൽ പുരട്ടി. അന്ധരായ യാചകർക്കു നേരെ അവജ്ഞയോടെ തുപ്പുന്നത് പാലസ്തീനായിൽ പതിവു കാഴ്ചയാണ്. സമൂഹത്തിൽ ഇവരെ വില കുറച്ചു കാണിക്കുന്നതിന്റെ തെളിവാണ് അവരെ നോക്കി അവജ്ഞയോടെ നിലത്തു തുപ്പുന്നത്. സമൂഹത്തിന്റെ മുമ്പിൽ വില കെട്ടവൻ എന്നും ഒന്നിനും കൊള്ളില്ലാത്തവൻ എന്നുമൊക്കെ മുദ്ര കുത്തപ്പെട്ടവൻ യേശുവിന്റെ മുമ്പിൽ ഏറ്റവുമധികം വിലയുള്ളവരാണ്. യേശു നിലത്ത് തുപ്പി ചെളിയുണ്ടാക്കിയത് അവനെ അപമാനിക്കാനായിരുന്നില്ല മറിച്ച്, അവന് പുതുജീവൻ നൽകുവാനായിരുന്നു. ഏദൻ തോട്ടത്തിൽ മണ്ണിൽ ചെളിയുണ്ടാക്കി മനുഷ്യനെ മെനഞ്ഞ സ്രഷ്ടാവിന്റെ പ്രവർത്തിയെ ഒന്നുകൂടി ഓർമ്മിപ്പിക്കുന്നതാണ് ക്രിസ്തുവിന്റെ ഈ പ്രവർത്തി. ക്രിസ്തു ഇവിടെ പുതിയ സൃഷ്ടി നടത്തുന്നു. മനുഷ്യന്റെ രക്ഷയ്ക്ക് ദൈവത്തിന്റെ പ്രവർത്തിയോടൊപ്പം തന്നെ മനുഷ്യന്റെ സഹകരണവും കൂടെ ആവശ്യമായിട്ടുണ്ട്. അതുകൊണ്ടാണ് സീലോഹയിൽ പോയി കഴുകുവാൻ ഈശോ അന്ധനോട് ആവശ്യപ്പെടുക. പരിമിതികൾ ഏറെ ഉണ്ടായിട്ടും അവൻ യേശുവിന്റെ ആവശ്യം അതേപടി അനുസരിച്ചതാണ് അവന്റെ രക്ഷയ്ക്ക് കാരണമായത്.

പ്രിയമുള്ളവരേ, ദൈവത്തിന്റെ പ്രവർത്തി എന്നിൽ പ്രകടമാകണമെങ്കിൽ നമ്മുടെ സഹകരണവും ആവശ്യമാണ്. സീലോഹ എന്ന വാക്കിന്റെ അർത്ഥം 'അയയ്ക്കപ്പെട്ടവൻ' എന്നാണ്. ഈശോ പരിശുദ്ധാത്മാവിനാൽ അയയ്ക്കപ്പെട്ടവനാണ് എന്ന് യോഹന്നാൻ സുവിശേഷകൻ തന്നെ സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഇന്നത്തെ വചനഭാഗത്ത് അന്ധൻ പോയി മുങ്ങിയത് മനുഷ്യവംശത്തിന്റെ രക്ഷയ്ക്കായി പിതാവിനാൽ അയയ്ക്കപ്പെട്ട യേശുവാകുന്ന ജീവജലത്തിലായിരുന്നു. അന്ധതയിൽ കഴിയുന്ന ജനം ക്രിസ്തുവിനാൽ കഴുകപ്പെടണം. ക്രിസ്തുവിനാൽ പ്രകാശിതമാകണം. യേശുവിൽ വിശ്വസിച്ച് സ്നാനപ്പെടുമ്പോൾ ഒരുവന്റെ കാഴ്ചയിലും കാഴ്ച്ചപ്പാടിലും മാറ്റം വരുന്നു. അവൻ ക്രിസ്തുവിനാൽ പ്രകാശിതമാകുന്നു. ഇങ്ങനെ ക്രിസ്തുവാൽ അന്ധത മാറി പ്രകാശിതമായ ഒരു വ്യക്തിയെ അപ്പസ്തോലപ്രവർത്തനത്തിൽ നാം കണ്ടുമുട്ടുന്നു. "സാവൂൾ അന്ധനായിരുന്നു. പൗലോസായപ്പോൾ അവന് വെളിച്ചം കിട്ടി. അവന്റെ കണ്ണുകളിലെ ചെതുമ്പലുകൾ അടർന്നുപോയി" (അപ്പ. പ്രവ. 9). കർദ്ദിനാൾ ന്യൂമാൻ ആത്മാവിന്റെ ഇരുണ്ട രാത്രികളിൽ വെളിച്ചത്തിനായി പ്രാർത്ഥിച്ചു. "നിത്യമാം പ്രകാശമേ നയിക്കുക എന്നെ നീ."

ക്രിസ്തുവിന്റെ പ്രകാശത്തിൽ വ്യാപരിക്കുവാനായി നമ്മിലെ അന്ധത മാറ്റുവാൻ വെളിപാട് ഗ്രന്ഥകാരൻ ലവോദിക്യയിലുള്ള സഭയ്ക്കു നൽകുന്ന ഉപദേശം നമുക്ക് ഹൃദയത്തിൽ സൂക്ഷിക്കാം. കാഴ്ച നേടാൻ കണ്ണിലെഴുതാനുള്ള അഞ്ജനം നീ എന്നോടു വാങ്ങുക (വെളി. 3:18).